# ധൈഷണിക മുന്നേറ്റത്തിന്റെ പുതുവെളിച്ചമായി ഗ്രെയ്സ്



**കേരളീയ മുസ്‌ലിംകൾക്കിടയിൽ ഇന്ന് നിരവധി പത്ര/ദൃശ്യ മാധ്യമങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസാധനാലയങ്ങളുമുണ്ട്. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളൊക്കെയും മുഖപത്രങ്ങളോ, മുഖമാസികകളോ പ്രസിദ്ധീകരിച്ചുവരുന്നു. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളെ അഭിസംബോധന ചെയ്യാനാകുംവിധം വേറിട്ട രൂപകൽപ്പനകളോടെയും ഉള്ളടക്കത്തോടെയും ഒരേ സംഘടനകൾ തന്നെ നിരവധി പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്.**



**സയ്യിദ് അബ്ദുൽ അശ്റഫ്**

കേരള മുസ്‌ലിംകളുടെ ബൗദ്ധിക വ്യവഹാരങ്ങളുടെ ചരിത്രം മഹത്തായ ഒരു പാരമ്പര്യത്തെ രേഖപ്പെടുത്തുന്നുണ്ട്. ജ്ഞാനസാഹിത്യത്തിലും സർഗ്ഗസാഹിത്യത്തിലും ഒരുപോലെ ആഴങ്ങൾ തേടിപ്പോയ അറബി മലയാള ഭാഷ ആ പാരമ്പര്യത്തിൽ ഇഴചേരുന്ന സുപ്രധാന കണ്ണിയാണ്. പൗരാണിക കേരളത്തിലെ മുസ്‌ലിം എഴുത്തുകാർ അറബി മലയാളത്തോടൊപ്പം, അറബി, ഉർദു, പേർഷ്യൻ തുടങ്ങിയ നിരവധി ലോകഭാഷകളിലും

ചനകൾ നിർവ്വഹിച്ചിട്ടുണ്ട്. ലോക സാഹിത്യത്തിലെ രചനകളെ അറബി മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി അക്കാലത്തെ എഴുത്തുകാർ. വൈജ്ഞാനിക മേഖലകളിലെ ഗ്രന്ഥരചനകളിലൂടെ കേരളീയ മുസ്‌ലിം ചിന്തകർ ലോകത്തോടു സംവദിക്കുകയുമുണ്ടായി.

പൗരാണിക മുസ്‌ലിംകളുടെ ഈ മഹദ്പാരമ്പര്യത്തെ ആധുനിക പഠനങ്ങൾ ഇന്നു വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള നിരവധി സർവകലാശാലകളിലെ അക്കാദമിക പഠന ഗവേഷണങ്ങളിലൂടെ ഈ മേഖലയിൽ പുത്തൻ അറിവുകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. അക്കാദമികവും അനൗപചാരികവുമായ ഗവേഷണങ്ങളിലെ മുഖ്യ പഠനശാഖയായി അറബി മലയാളവും അനുബന്ധ ജ്ഞാനമേഖലയും ഉയർന്നുവരികയും ചെയ്തിരിക്കുന്നു. ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ അറബിമലയാള ഭാഷക്കും അനുബന്ധ വ്യവഹാരങ്ങൾക്കും മുസ്‌ലിം സാംസ്കാരിക വൈജ്ഞാനിക മുന്നേറ്റങ്ങൾക്കും കേരളീയ സമൂഹത്തിൽ ഗതി നിലച്ചുപോയി. ആധുനികതയോടുള്ള വിപ്രതിപത്തിയും മലബാർ കലാപാനന്തരമുള്ള സാമൂഹിക സാഹചര്യങ്ങളും മൂലം സൃഷ്ടിക്കപ്പെട്ട ആ തീക്ഷ്ണകാലത്തെ മറികടക്കുന്നതിൽ കേരളീയ മുസ്‌ലിംകൾക്കിടയിൽ രൂപംകൊണ്ട ആധുനികതാ പ്രസ്ഥാനങ്ങൾ ചരിത്രപരമായ പങ്ക് വഹിച്ചു. സാമൂഹിക പരിഷ്കരണത്തിലൂടെയും വിദ്യാഭ്യാസ നവോത്ഥാനത്തിലൂടെയും ദിശാബോധമുള്ള രാഷ്ട്രീയ മുന്നേറ്റത്തിലൂടെയും മുസ്‌ലിം സമൂഹത്തിനിടയിൽ പുത്തൻ ചുവടുവെപ്പുകളുണ്ടായി. തദ്ഫലമായി പത്രപ്രവർത്തന/പ്രസിദ്ധീകരണ രംഗത്തും പുതിയ വെളിച്ചവും ഊർജ്ജവും പ്രസരിച്ചു. ആധുനിക വിദ്യാഭ്യാസത്തിനും രാഷ്ട്രീയ ശാക്തീകരണത്തിനുമുള്ള മുന്നേറ്റങ്ങൾക്കൊപ്പം, പ്രസാധനരംഗത്തും നവസംരംഭങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു. കെ എം മൗലവിയും കെ എം സീതിസാഹിബും സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും മറ്റനവധി സമുദായ പരിഷ്കർത്താക്കളും ജനനേതാക്കളും ഈ സംരംഭങ്ങൾക്ക് നേതൃത്വവും ദിശാബോധവും നൽകി. മലബാറിൽ നിന്ന് 'ചന്ദ്രിക', തിരുവിതാംകൂറിൽ നിന്ന് വക്കം മൗലവിയുടെ 'സ്വദേശാഭിമാനി' തുടങ്ങിയ പത്രങ്ങളും ഏതാനും ആനുകാലികങ്ങളും പുറത്തുവന്നു. അവ മുസ്‌ലിം സമൂഹത്തിനുള്ളിൽ രൂപപ്പെട്ട നവജാഗരണത്തിന്റെ ചരിത്രത്തിലെ തിളങ്ങുന്ന അടയാളങ്ങളായി. പിൽക്കാലത്ത് കേരളത്തിലുടനീളം സ്ഥാപിക്കപ്പെട്ട എണ്ണമറ്റ അച്ചടിശാലകളും പ്രസിദ്ധീകരണാലയങ്ങളും ആ കാലഘട്ടത്തിലെ അക്ഷരവിപ്ലവത്തിന്റെ സദ്ഫലങ്ങളാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

GRACE
EDUCATIONAL ASSOCIATION
it all happens by His grace

**മുസ്‌ലിം സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ ഇന്ന് പ്രകടമാകുന്ന മുന്നേറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും ശരിയായ പന്ഥാവിലൂടെ മുന്നോട്ടു നയിക്കുകയും ചെയ്തത് സാമൂഹിക/രാഷ്ട്രീയ പരിഷ്കർത്താക്കളുടെ ചിന്തകളും പ്രയത്നങ്ങളുമാണ്. ചരിത്രം അവശേഷിപ്പിച്ച ആ മാർഗ്ഗദർശനങ്ങളെ പിന്തുടർന്നു കൊണ്ടാണ് ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷനും അതിന്റെ പ്രസാധന വിഭാഗമായ ഗ്രെയ്സ് ബുക്സും പ്രവർത്തനമാരംഭിക്കുന്നത്.**

കേരളീയ മുസ്‌ലിംകൾക്കിടയിൽ ഇന്ന് നിരവധി പത്ര/ദൃശ്യ മാധ്യമങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസാധനാലയങ്ങളുമുണ്ട്. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളൊക്കെയും മുഖപത്രങ്ങളോ, മുഖമാസികകളോ പ്രസിദ്ധീകരിച്ചുവരുന്നു. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളെ അഭിസംബോധന ചെയ്യാനാകുംവിധം വേറിട്ട രൂപകൽപ്പനകളോടെയും ഉള്ളടക്കത്തോടെയും ഒരേ സംഘടനകൾ തന്നെ നിരവധി പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്. എല്ലാ സംഘടനകൾക്കും സ്വന്തമായി പ്രസാധനാലയങ്ങളും അച്ചടിശാലകളുമുണ്ട്. അതോടൊപ്പം സമൂഹത്തിലെ നിരവധി സ്വതന്ത്ര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നടന്നുവരുന്ന പ്രസിദ്ധീകരണ സംരംഭങ്ങളുമുണ്ട്. ഗൗരവപൂർണ്ണമായ നിരവധി പഠനഗവേഷണങ്ങൾക്ക് വഴി തുറക്കുന്ന കനപ്പെട്ട ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നതോടൊപ്പം കേരളത്തിലെ ഏറ്റവും സമ്പന്നവും സംവാദാത്മകവുമായ ഒരു വായനാ സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിലും മുസ്‌ലിം പ്രസാധകർ വിജയിച്ചിട്ടുണ്ട്. മുസ്‌ലിം സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ ഇന്ന് പ്രകടമാകുന്ന മുന്നേറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും ശരിയായ പന്ഥാവിലൂടെ മുന്നോട്ടുനയിക്കുകയും ചെയ്തത് സാമൂഹിക/രാഷ്ട്രീയ പരിഷ്കർത്താക്കളുടെ ചിന്തകളും പ്രയത്നങ്ങളുമാണ്. ചരിത്രം അവശേഷിപ്പിച്ച ആ മാർഗ്ഗദർശനങ്ങളെ പിന്തുടർന്നു കൊണ്ടാണ് ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷനും അതിന്റെ പ്രസാധന വിഭാഗമായ ഗ്രെയ്സ് ബുക്സും പ്രവർത്തനമാരംഭിക്കുന്നത്.

കേരളത്തിലെ മുസ്‌ലിം സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ രംഗങ്ങളിലെ ധൈഷണിക വ്യവഹാരങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ലക്ഷ്യം വെച്ചുകൊണ്ടാണ്










2004ൽ ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ രൂപം കൊള്ളുന്നത്. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ (ചെയർമാൻ) നേതൃത്വത്തിൽ സന്നദ്ധ സംഘടനയായി പ്രവർത്തിച്ചുവരുന്ന ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷന് കേരളീയ മുസ്‌ലിം സമൂഹത്തിലെ ശ്രദ്ധേയമായ നിരവധി സംരംഭങ്ങൾക്ക് നേതൃത്വം നൽകാൻ ഇതിനകം സാധിച്ചിട്ടുണ്ട്. സൃഷ്ടോന്മുഖമായ തലങ്ങളിൽ തങ്ങളുടെ ബൗദ്ധിക സേവനങ്ങൾ നിർവ്വഹിച്ചുവരുന്ന നിരവധി എഴുത്തുകാരുടെയും ബുദ്ധിജീവികളുടെയും സന്നദ്ധ പ്രവർത്തകരുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും ഗ്രെയ്സിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിൽ അർത്ഥപൂർണ്ണമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. അതോടൊപ്പം കെ എം സി സിയുടെയും പ്രവാസി നേതാക്കളുടെയും പങ്ക് പ്രത്യേകം സ്മരണീയമാണ്. ഗൗരവപൂർണ്ണമായ അക്കാദമിക ഗവേഷണങ്ങളുടെയും അനൗപചാരിക പഠന പ്രവർത്തനങ്ങളുടെയും സാമൂഹിക ശാക്തീകരണ സംരംഭങ്ങളുടെയും കേന്ദ്രമായിത്തീരുന്നതിനുള്ള രചനാത്മകമായ പ്രവർത്തനങ്ങളുടെ പാതയിൽ ഗ്രെയ്സ് ഇതിനകം ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞു.



പി എ റഷീദ്

അറബി മലയാള ഗ്രന്ഥശാഖയിൽ ഇന്ന് കേരളത്തിൽ നിലവിലുള്ള ഏറ്റവും വിപുലമായ ലൈബ്രറിയാണ് ഗ്രെയ്സ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മാപ്പിള ഹെറിറ്റേജ് ലൈബ്രറി. അറബി മലയാള ഭാഷയിലെ നിരവധി അപൂർവ്വ ഗ്രന്ഥങ്ങൾ ഇവിടെ സമാഹരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷണ വിദ്യാർത്ഥികളും അദ്ധ്യാപകരും അനൗപചാരിക പഠന/ഗവേഷണ തൽപ്പരരും ചരിത്രാന്വേഷകരും ഈ ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. കേരളത്തിലെയും ഇന്ത്യയിലെയും മുസ്‌ലിം സമൂഹത്തെ സംബന്ധിക്കുന്ന വിലമതിക്കാനാവാത്ത അറിവിന്റെ സ്രോതസ്സുകളായ മറ്റു നിരവധി ഗ്രന്ഥങ്ങളും മാപ്പിള ഹെറിറ്റേജ് ലൈബ്രറിയിൽ ലഭ്യമാണ്.

മലപ്പുറം ജില്ലയിലെ വെളിമുക്കിൽ ഗ്രെയ്സിന്റെ ആസ്ഥാന സമുച്ചയമായ 'കേമ്പ് സയ്യിദി'ന്റെ നിർമ്മാണപ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ദേശീയപാത 66ൽ നിന്ന് 200 മീറ്റർ ദൂരത്ത് 45 സെന്റ് ഭൂമിയിലാണ് കേമ്പ് സയ്യിദ് ഒരുങ്ങുന്നത്. ഗ്രെയ്സിന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം പ്രവർത്തനങ്ങളാരംഭിച്ചിട്ടുള്ള നിരവധി സാമൂഹിക ശാക്തീകരണ സംരംഭങ്ങളുടെ ഏകോപനം ലക്ഷ്യം വെച്ചുകൊണ്ടാണ് കേമ്പ് സയ്യിദ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. സ്കൂൾ ഓഫ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ്, ട്രെയിനിംഗ് സെന്റർ എന്നിവ അവയിൽ ചിലതാണ്. കേമ്പ് സയ്യിദ് പൂർത്തീകരിക്കപ്പെടുന്നതോടുകൂടി മറ്റു നിരവധി സംരംഭങ്ങളും ഗ്രെയ്സ് ആസൂത്രണം ചെയ്തുവരുന്നു.

ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നാമധേയത്തിലുള്ള കേരളത്തിലെ ആദ്യത്തെ പള്ളി കേമ്പ് സയ്യിദിൽ പ്രാർത്ഥനാനി









തമായിക്കഴിഞ്ഞു. ഖാഇദെമില്ലത്ത് മസ്ജിദ് 2015 ഓഗസ്റ്റ് 9ന് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ വിശ്വാസികൾക്കായി തുറന്നുകൊടുത്തു. പതിറ്റാണ്ടുകളുടെ പഴക്കമുള്ള കരണയിൽ പള്ളിയാണ് ഗ്രെയ്സ് ഏറ്റെടുത്ത് പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. ആരാധനാലയങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയാണ് എന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുംവിധമാണ് കേമ്പ് സയ്യിദിലെ ഖാഇദെമില്ലത്ത് മസ്ജിദും അനുബന്ധ സംരംഭങ്ങളും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയിൽ കഴിഞ്ഞ അഞ്ചുവർഷമായി പ്രവർത്തിച്ചുവരുന്ന സി എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് ഗ്രെയ്സിന്റെ മറ്റൊരു സംരംഭമാണ്. സാമൂഹിക വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ നിരവധി സംരംഭങ്ങൾക്ക് സി എച്ച് ചെയർ നേതൃത്വം നൽകിയിട്ടുണ്ട്. സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രഭാഷണങ്ങൾ, പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയിലൂടെ സി എച്ച് ചെയർ അക്കാദമിക സമൂഹത്തിലും പൊതുസമൂഹത്തിലും ഒരുപോലെ അതിന്റെ മാതൃകാപരമായ സ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്.

**നിരവധി എഴുത്തുകാരുടെയും ബുദ്ധിജീവികളുടെയും സന്നദ്ധ പ്രവർത്തകരുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും ഗ്രെയ്സിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിൽ അർത്ഥപൂർണ്ണമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. അതോടൊപ്പം കെ എം സി സിയുടെയും പ്രവാസി നേതാക്കളുടെയും പങ്ക് പ്രത്യേകം സ്മരണീയമാണ്.**

2008 ആഗസ്റ്റിൽ റഹീം മേച്ചേരിയുടെ തെരഞ്ഞെടുത്ത ലേഖനങ്ങളുടെ പ്രസിദ്ധീകരണത്തിൽ പങ്കാളിത്തം വഹിച്ചുകൊണ്ടാണ് ഗ്രെയ്സ് പുസ്തക പ്രസാധനരംഗത്ത് ആദ്യചുവടുവെക്കുന്നത്. തുടർന്ന് ഗ്രെയ്സ് ബുക്സിനു രൂപം നൽകുകയും അതിലൂടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പഠന മേഖലകളിൽ ശ്രദ്ധേയമായ നിരവധി പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകുകയും ചെയ്തു.




കേരളത്തിലെ സാംസ്കാരിക രംഗത്ത് പുതുവെളിച്ചം പകരുകയും,










സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകുകയും മഹത്തായ ജീവിതമൂല്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് തലമുറകൾക്ക് മാതൃകയാവുകയും ചെയ്ത മഹാരഥൻമാരുടെ ജീവചരിത്രം പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്ന നേതൃസ്മൃതി പുസ്തക പരമ്പര ഗ്രെയ്സ് ബുക്സിന്റെ ഒരു പ്രധാന സംരംഭമാണ്. സി എച്ച് ചെയർ ഡയറക്ടർ പി എ റഷീദ് 'നേതൃസ്മൃതി' പരമ്പരയുടെ ജനറൽ എഡിറ്ററാണ്. സർസയ്യിദ് അഹ്മദ് ഖാൻ (ഗ്രന്ഥകർത്താവ്: എം ഐ തങ്ങൾ) ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് (എ കെ രിഫാഇ, വിവർത്തനം: ആലിക് വാഴക്കാട്) കെ എം സീതി സാഹിബ് (പി ഖാലിദ്) സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ (എം സി വടകര) ബി പോക്കർ സാഹിബ് (കെ പി കുഞ്ഞിമൂസ) കോട്ടാൽ ഉപ്പി സാഹിബ് (കെ പി കുഞ്ഞിമൂസ) മൗലാനാ അബുസ്സബാഹ് അഹ്മദ് അലി (പ്രൊഫ. പി മുഹമ്മദ് കുട്ടശ്ശേരി) പി എ സെയ്തു മുഹമ്മദ് (ജമാൽ കൊച്ചങ്ങാടി) ഒ ആബു (ഇബ്രാഹിം ബേവിഞ്ച, സി ടി ബഷീർ) ടി ഉബൈദ് (കെ അബൂബക്കർ) വക്കം അബ്ദുൽ ഖാദർ (എ കെ അബ്ദുൽ മജീദ്) കെ കെ അബുസാഹിബ് (ടി പി എം ബഷീർ) ബി വി അബ്ദുല്ലക്കോയ (കെ അബൂബക്കർ) എൻ വി അബ്ദുസ്സലാം മൗലവി (പ്രൊഫ. പി മുഹമ്മദ് കുട്ടശ്ശേരി) മൗലവി കാടേരി അബുൽ കമാൽ (ഡോ. ബഹാഉദ്ദീൻ ഹുദവി) എന്നീ ജീവസ്സുറ്റ ജീവചരിത്ര പുസ്തകങ്ങൾ നേതൃസ്മൃതി പരമ്പരയിൽ ഇതിനോടകം പുറത്തിറങ്ങി.



രാഷ്ട്രീയ/ചരിത്ര പഠനങ്ങൾക്ക് പുതുവെളിച്ചം പകരുന്ന നിരവധി ഗ്രന്ഥങ്ങൾ ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ പ്രസിദ്ധീകൃതമായ രേഖകളുടെ സമാഹാരമായ 'മുസ്‌ലിം

ലീഗ് രേഖകൾ 1948-1970' ഈ രംഗത്തെ ശ്രദ്ധേയമായ ഒന്നാണ്. ഇന്ത്യയിലെ ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ദാർശനികവും പ്രായോഗികവുമായ പാഠങ്ങൾ വിശകലനം ചെയ്യുന്ന 'ന്യൂനപക്ഷരാഷ്ട്രീയം ദർശനവും ദൗത്യവു'മാണ് (എം ഐ തങ്ങൾ) മറ്റൊന്ന്. ജി എം ബനാത്ത്‌വാലാ സാഹിബ് രചിച്ച 'മതവും രാഷ്ട്രീയവും ഇന്ത്യയിൽ' (വിവർത്തനം: അഹ്മദ് മൂന്നാംകൈ)എന്ന ഗ്രന്ഥം ബഹുസ്വര ജനാധിപത്യ സമൂഹത്തിലെ മത/രാഷ്ട്രീയ ബന്ധങ്ങളെ മൗലിക വിശകലനങ്ങൾക്ക് വിധേയമാക്കുന്നു.

'മലപ്പുറം ജില്ല പിറവിയും പ്രയാണവും' (ടി പി എം ബഷീർ) 'പുലിക്കോട്ടിൽ കൃതികളിലെ ഏറനാടൻ സംസ്കൃതി (പി കുഞ്ഞിമുഹമ്മദ്) '1980ലെ ഭാഷാ സമരവും കേരളത്തിലെ അറബി പഠനവും' (മുബാറക് തിരൂർക്കാട്) 'ഇബ്രാഹിം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ' (സി ടി ബഷീർ) 'മായുന്ന ചുവപ്പ്' (അബ്ദുറഹ്മാൻ രണ്ടത്താണി) 'റമദാൻ ഉറുദി' (റഫീഖ് തിരുവള്ളൂർ) എന്നിവയും ഗ്രെയ്സ് പുസ്തക നിരയെ ശ്രദ്ധേയമാക്കുന്നു. പ്രമുഖ അറബി പണ്ഡിതൻ ഡോ. അബ്ദുൽ മജീദ് ഉമറുൽ നജ്ജാർ രചിച്ച 'പരിസ്ഥിതി: ഇസ്ലാമിക പരിപ്രേക്ഷ്യം' (വിവർത്തനം: അബ്ദുല്ലത്തീഫ് കൊടുവള്ളി) പരിസ്ഥിതി അവബോധത്തിന്റെയും ദർശനത്തിന്റെയും ഇസ്‌ലാമികമാനങ്ങൾ പഠനവിധേയമാക്കുന്നു.

ഗ്രെയ്സ് ബുക്സിന്റെ ഏതാനും പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരണ സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇ. അഹമ്മദ് സാഹിബ് രചിച്ച 'ഞാനറിയുന്ന നേതാക്കൾ', 'ഇന്ത്യൻ നവോത്ഥാനത്തിന്റെ കഥ' എന്നിവയുടെ പുനഃപ്രസിദ്ധീകരണമാണ് അവയിലൊന്ന്. എ കെ അബ്ദുൽ മജീദ് രചിച്ച 'മുസ്‌ലിം സ്വത്വത്തിന്റെ മാനങ്ങളാണ് മറ്റൊന്ന്. എം ഐ തങ്ങളുടെ 'ന്യൂനപക്ഷരാഷ്ട്രീയം ദർശനവും ദൗത്യവും' എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും (വിവർത്തനം: ഡോ.അബൂബക്കർ കാപ്പാട്) ഉടൻ പുറത്തിറങ്ങാനിരിക്കുന്നു. റഹീം മേച്ചേരിയുടെ ലേഖനങ്ങൾ സമ്പൂർണ്ണമായി ശേഖരിച്ച് വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ച് പുറത്തിറക്കുന്ന 15 പുസ്തകങ്ങളുടെ സമാഹാരമായ 'റഹീം മേച്ചേരി എഴുത്തും ചിന്തയും' ഗ്രെയ്സ് ബുക്സിന്റെ മറ്റൊരു സുപ്രധാനമായ സംരംഭമാണ്.

1921ലെ മലബാർ കലാപത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. മലബാർ കലാപം സംബന്ധമായ പഠനങ്ങൾക്ക് വെളിച്ചം പകരുന്ന 50 ഗ്രന്ഥങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്. മലബാർ കലാപ നായകരുടെയും പോരാളികളുടെയും ജീവചരിത്രം, ബ്രിട്ടീഷ് അധികാരികൾ നിരോധിച്ച പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം, വിവിധ ആർക്കൈവ്സുകളിലും ലൈബ്രറികളിലുമായി ചിതറിക്കിടക്കുന്ന ചരിത്രരേഖകളുടെ സമാഹരണം, കലാപപ്രദേശങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന വിവിധ പഠനങ്ങൾ, എന്നിങ്ങനെ മലബാർ കലാപവുമായി ബന്ധപ്പെട്ട അറിവിന്റെ വിപുലമായ സമാഹാരമെന്ന നിലയിലാണ് ഈ സംരംഭം ആസൂത്രണം ചെയ്യുന്നത്.

സാമൂഹിക ജീവിതത്തെ സാക്ഷാത്മകമായും ധൈഷണികമായും ചലനാത്മകമാക്കുന്ന ഒട്ടേറെ സംരംഭങ്ങളാൽ സമ്പന്നമാണ് ഇന്ന് കേരളീയ മുസ്‌ലിംകൾക്കിടയിലെ പ്രസാധനരംഗം. ഒരേ ലക്ഷ്യത്തിലേക്ക് സമാന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ബൗദ്ധിക വിനിമയങ്ങളുടെ പാതയിൽ സ്വതന്ത്രവും മൗലികവുമായ ഒരിടം അടയാളപ്പെടുത്തുകയാണ് ഗ്രെയ്സിന് നിർവ്വഹിക്കാനുള്ള ദൗത്യം. മഹത്തായ ലക്ഷ്യങ്ങളെ മുൻനിർത്തി നടക്കുന്ന ബൃഹത്തായ മുന്നേറ്റങ്ങളെ സ്വന്തം സാന്നിധ്യം കൊണ്ടും സംഭാവനകൾ കൊണ്ടും സമഗ്രവും സാർത്ഥകവുമാക്കിത്തീർക്കാൻ ഗ്രെയ്സ് ബുക്സ് പ്രതിജ്ഞാബദ്ധമാണ്.



**അറബി മലയാള ഗ്രന്ഥശാഖയിൽ ഇന്ന് കേരളത്തിൽ നിലവിലുള്ള ഏറ്റവും വിപുലമായ ലൈബ്രറിയാണ് ഗ്രെയ്സ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന മാപ്പിള ഹെറിറ്റേജ് ലൈബ്രറി. അറബി മലയാള ഭാഷയിലെ നിരവധി അപൂർവ്വ ഗ്രന്ഥങ്ങൾ ഇവിടെ സമാഹരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷണ വിദ്യാർത്ഥികളും അദ്ധ്യാപകരും അനൗപചാരിക പഠന/ഗവേഷണ തൽപ്പരരും ചരിത്രാന്വേഷകരും ഈ ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. കേരളത്തിലെയും ഇന്ത്യയിലെയും മുസ്‌ലിം സമൂഹത്തെ സംബന്ധിക്കുന്ന വിലമതിക്കാനാവാത്ത അറിവിന്റെ സ്രോതസ്സുകളായ മറ്റു നിരവധി ഗ്രന്ഥങ്ങളും മാപ്പിള ഹെറിറ്റേജ് ലൈബ്രറിയിൽ ലഭ്യമാണ്.**

(ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ് ലേഖകൻ)